[redacted]

**ചട്ടം 304 പ്രകാരം ശ്രീ.വി.ജോയി, എം.എൽ.എ ഉന്നയിച്ച 'പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുളള മറുപടി**

വർക്കല നിയോജക മണ്ഡലത്തിൽ പുന്നമൂട് റെയിൽവേ മേൽപ്പാലം 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 22.51 കോടി രൂപ അനുവദിച്ചു. സ.ഉ.(സാധാ) നം. 718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ തയ്യാറാക്കിയ പുന്നമൂട് ആർ.ഒ.ബി.യുടെ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ 37.15 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും 27.02.2020 ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും, ഭരണാനുമതി ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ DPR അംഗീകരിക്കുന്നതിനു വേണ്ടി പുതുക്കിയ ഭരണാനുമതി KIIFB ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ RBDCK പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 13.01.2021-ലെ സ.ഉ. (സാധാ) നം. 46/2021/പൊ.മ.വ ഉത്തരവ് പ്രകാരം പുന്നമൂട് ആർ.ഒ.ബി ഉൾപ്പെടെ 7 ആർ.ഒ.ബി കൾക്ക് 300.34 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.